A

# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണ്ണയം 2023-24

## മലയാളം

## അടിസ്ഥാനപാഠാവലി

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

ക്ലാസ്സ്:9

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം)**

**(4 x 1 = 4)**

1. "എനിക്കു ചുറ്റും മക്കളുടെ ആരവം പെട്ടെന്നു നിലച്ചു."
ആരവം എന്ന പദത്തിന്റെ ശരിയായ അർഥം ഏത്?

- ചലനം
- സംഗീതം
- ശബ്ദം
- നൃത്തം

2. "മിഴിനീർച്ചവർപ്പുപെടാതീ മധുപാത്ര-
മടിയോളം മോന്തുക"

(സഫലമീയാത്ര)

ഈ വരികളിലെ ആശയത്തിന് യോജിക്കുന്നത് ഏത്?

- ദുഃഖം കലരാതെ ജീവിതം പൂർണ്ണമായി ആസ്വദിക്കുക.
- കണ്ണുനീരു തേൻപോലെ മധുരിക്കുന്നു.
- ജീവിതസുഖം ആസ്വദിക്കാനുള്ളതല്ല.
- ജീവിതമാകുന്ന മധുപാത്രത്തിൽ കണ്ണുനീർ മാത്രമാണ്.

3. "വെട്ടിമുറിക്കുക കാൽച്ചങ്ങല, വിഭോ,
പൊട്ടിച്ചെറിയുകിക്കൈവിലങ്ങും"

ഈ വരികളിൽ സൂചിതമാകുന്നത് എന്താണ്?

- പരാജയബോധം
- അധികാരമോഹം
- അടിമത്തമനോഭാവം
- സ്വാതന്ത്ര്യബോധം

4. “മകന്റെ പ്രവൃത്തിയിൽ നാണുക്കുട്ടി ചിരിച്ചുപോയി”

(അജഗജാന്തരം)

നാണുക്കുട്ടി ചിരിക്കാൻ ഇടയായ സാഹചര്യം എന്ത്?

- ആനവാൽകൊണ്ട് മോതിരം ഉണ്ടാക്കാൻ ശ്രമിച്ചത്.
- ആനയെ രാജപാതയിലൂടെ നടത്തിച്ചത്.
- ആടിനെ കോൽവച്ച് തളച്ചത്.
- ആടിന്റെ വാലിലെ രോമംകൊണ്ട് മോതിരം ഉണ്ടാക്കിയത്.

5. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

| | | |
|---|---|---|
| അണിഞ്ഞുമഴിച്ചും | - | അണിഞ്ഞും, മഴിച്ചും |
| തമ്മിലെതിരേറ്റും | - | തമ്മിൽ, എതിരേറ്റും |
| വിളക്കുകൾക്കപ്പുറം | - | വിളക്കുകൾ, ക്കപ്പുറം |
| എങ്ങനെയറിഞ്ഞു | - | എങ്ങനെ, യറിഞ്ഞു |

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തമെഴുതുക (2 സ്കോർ വീതം)** **(2x2 = 4)**

6. “പാപകർമ്മങ്ങളാചരിച്ചവരോട് അറിഞ്ഞുകൊണ്ടു കഠിനവാക്കു പറയുക, അവരുടെ കുറ്റമാകുന്ന പുണ്ണിൽ ഉപ്പുതേയ്ക്കുക, ആരു ചെയ്യും അത്?”

(ബുദ്ധന്റെ ഉപദേശം)

അടിവരയിട്ട പ്രയോഗത്തിന്റെ പൊരുൾ വ്യക്തമാക്കുക.

7. • “ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും”

(സഫലമീയാത്ര)

വരികളിൽ സൂചിതമാകുന്ന കവിയുടെ ജീവിതാവസ്ഥ കണ്ടെത്തി എഴുതുക.

8. • ആ വാക്ക് ഹസ്സന്റെ വായിൽനിന്നു വാസ്തവത്തിലങ്ങു വഴുതിവീഴുകയാണു ചെയ്തത്.
• മുറ്റത്തേക്ക് ഇറങ്ങിയ അയാൾ പെട്ടെന്ന് വഴുതിവീഴുകയായിരുന്നു.

‘വഴുതിവീഴുക’ എന്ന പ്രയോഗത്തിന് രണ്ടു സന്ദർഭങ്ങളിലും ലഭിക്കുന്ന അർഥമെന്ത്?

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(5x4= 20)**

9. • “ഒരിക്കലും ഈ ലോകത്തിൽ വിദ്വേഷംകൊണ്ട് വിദ്വേഷം ഇല്ലാതാകുന്നില്ല. സ്നേഹം കൊണ്ട് വിദ്വേഷം ഇല്ലാതാവുന്നു.”
• “മനുഷ്യൻ ക്രോധത്തെ കാരുണ്യംകൊണ്ടും തിന്മയെ നന്മകൊണ്ടും ജയിക്കട്ടെ.”

(ബുദ്ധന്റെ ഉപദേശം)

ബുദ്ധന്റെ ഈ ഉപദേശങ്ങൾ എക്കാലത്തും പ്രസക്തമാണ്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? യുക്തിപൂർവം സമർഥിക്കുക.

10. • "കാലമിനിയുമുരുളും, വിഷുവരും,
വർഷം വരും, തിരുവോണം വരും, പിന്നെ-
യോരോ തളിരിനും പൂ വരും, കായ് വരും- അപ്പൊ-
ളാരെന്നുമെന്തെന്നുമാർക്കറിയാം?"

(സഫലമീയാത്ര)

• "ഇന്നലെയോളമെന്തെന്നറിഞ്ഞീലാ-
ഇനി നാളെയുമെന്തെന്നറിഞ്ഞീലാ
ഇന്നിക്കണ്ട തടിക്കു വിനാശവു-
മിന്ന നേരമെന്നേതുമറിഞ്ഞീലാ."

(ജ്ഞാനപ്പാന)

കാവ്യഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. "ശാന്തമ്മ ഏങ്ങലോടെ വാതിൽക്കൽ വന്ന് വെളിയിലേക്കു നോക്കിനിന്നു. അയാൾ മുറ്റത്തേക്കിറങ്ങി. പിന്നെയും തിരിഞ്ഞു നോക്കി. പിന്നീട് പുറത്തേക്കു നടന്നു."

(കൊടിയേറ്റം)

തിരക്കഥാസന്ദർഭത്തിൽ തെളിയുന്ന ശങ്കരൻകുട്ടിയുടെയും ശാന്തമ്മയുടെയും മാനസികാവസ്ഥ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

12. • "നരനു നരനശുദ്ധവസ്തു പോലും
ധരയിൽ നടപ്പതു തീണ്ടലാണുപോലും"

(സിംഹനാദം)

• "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ"

(ദുരവസ്ഥ)

സാമൂഹികജീവിതാവസ്ഥകളെ ശക്തമായ ഭാഷയിൽ ആവിഷ്കരിച്ച കവിയാണ് കുമാരനാശാൻ.
കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് മുകളിൽ നൽകിയ പ്രസ്താവനയോടു പ്രതികരിക്കുക.

13. "ആ നേരത്ത് വീട്ടിലെ അറിയിപ്പുമണി മുഴങ്ങി."
"ചുമരിലെ സമയകാലപ്പട്ടികയിൽ ഇന്നത്തെ ദിവസത്തിന് ചുവപ്പാണ്."
"അച്ഛനെങ്ങനെയാ ട്രീയൊക്കെ പിക്ക് ചെയ്തത്?"

(ഹരിതമോഹനം)

മുകളിൽ തന്നിട്ടുള്ള സൂചനകൾ വിശകലനം ചെയ്ത് ഹരിതമോഹനം എന്ന കഥയിലെ ഭാഷാപ്രയോഗങ്ങളുടെ സവിശേഷതകൾ കുറിക്കുക.

14. "ബഹുമാനംകൊണ്ട് ആരും എന്റെ ധർമ്മം സ്വീകരിക്കേണ്ടതില്ല; സ്വർണ്ണത്തെ തീയിലിട്ടു പരീക്ഷിക്കുന്നതുപോലെ, ആദ്യം അതു പരീക്ഷിച്ചുനോക്കുക"

(ബുദ്ധന്റെ ഉപദേശം)

ഈ ബുദ്ധവചനം വിശകലനം ചെയ്ത് അഭിപ്രായസ്വീകരണത്തിൽ പാലിക്കേണ്ട ശാസ്ത്രീയചിന്തയുടെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2x6 =12)**

15.
- "ഈ ഹസ്സനില്ലേ, നല്ലോന്ാ. ഓൻ പെണ്ണുംപാടേ കെട്ടിയപ്പോ ഏറെ നല്ലോനായി."
- "ഇജ്ജ് അമ്പരക്കണ്ട, ആമിനേ! അനക്ക് ബിരോതം ഇല്ലാച്ചാല് അനക്ക് എന്നും ഇക്കുടീലാ കൂടാം."
- "ഇങ്ങളൊരു മനിസ്സനോ, മാലിക്കോ?"

(വെളിച്ചത്തിന്റെ വിരലുകൾ)

സൂചനകളും പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് ഹസ്സൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16.
- "വരിക സഖി,യരികത്തു ചേർന്നു നിൽക്കൂ:
പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം."
- "എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ!"

(സഫലമീയാത്ര)

കവിതാഭാഗങ്ങൾ വിശകലനം ചെയ്ത് 'സഫലമീയാത്രയിലെ ജീവിതപാഠങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17.
- "സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം."
- " പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം."

(കുമാരനാശാൻ)

"ആശാൻകവിതയിൽ ഉടനീളം കലർന്നിട്ടുള്ള രണ്ടു മൂല്യങ്ങൾ സ്നേഹവും സ്വാതന്ത്ര്യവുമാണ്."

(പ്രൊഫ. എം കെ സാനു)

സൂചനകൾ വിശകലനം ചെയ്ത് കുമാരനാശാന്റെ ചരമശതാബ്ദി അനുസ്മരണ പരിപാടിയിൽ അവതരിപ്പിക്കാനുള്ള പ്രഭാഷണം തയ്യാറാക്കുക.